മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ട്രിഡയുമായുള്ള വാടക കരാർ പുതുക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

G.O.(Rt)No.4/2021/LSGD തീയതി, തിരുവനന്തപുരം, 01/01/2021

പരാമർശം:- 1 സ.ഉ.(സാധാ)നം. 3791/2008/തസ്വഭവ തീയതി 28/10/2008.

2 സ.ഉ.(സാധാ)നം. 2721/2019/തസ്വഭവ തീയതി 01/12/2019.

3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ 25.08.2020ലെ എ1/2915/2020/ഒ.ബി.ഡി.എൻ. നമ്പർ കത്ത്.

ഉത്തരവ്

ട്രിഡയുടെ ഉടമസ്ഥതയിലുള്ള പാളയം സാഫല്യം കോംപ്ലക്സിലുള്ള 586.43 ചതുരശ്ര മീറ്റർ വരുന്ന O-3, O-4-ലുള്ള ഓഫീസ് സ്ഥലങ്ങൾ മാസവാടക അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ പ്രവർത്തിനായി പരാമർശം (1) പ്രകാരം അനുവദിച്ചു. പ്രസ്തുത വാടക കരാർ 28.10.2010ന് അവസാനിക്കുകയും 12.05.2014ന് വീണ്ടും പുതുക്കുകയും ആയതിന് 24.09.2014ന് അനുമതി നൽകുകയും ചെയ്തു. ടി വാടക കരാറിലെ Clause IV-1 പ്രകാരം മൂന്നു വർഷത്തിലൊരിക്കൽ 15% വാടക വർദ്ധനവ് വരുത്തിക്കൊണ്ട് പുതുക്കേണ്ടതാണ്. പരാമർശം (2) പ്രകാരം 28.10.2019 മുതൽ മൂന്ന് വർഷത്തേയ്ക്ക് കൂടി 15% വാടക വർദ്ധനവോടു കൂടി വാടക കരാർ പുതുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പരാമർശം (3) പ്രകാരം പുതുക്കിയ വാടക കരാറിൽ ഏർപ്പെടുന്നതിന് അനുമതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയ്ക്ക് ട്രിഡയുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
DEPUTY SECRETARY

പകർപ്പ്: - സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം. (അംഗീകരിച്ച വാടക കരാർ ഉൾപ്പെടെ)

സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ